# തഖ്‌ലീദ്
## സാധൂകരണത്തിന്റെ സാധുത?

മദ്ഹബ് വാദികൾ പറയുന്നതിങ്ങിനെയാണ്. വിശുദ്ധ ക്വുർആനം ഹദീഥ് ഗ്രന്ഥങ്ങളും ഉൾക്കൊള്ളുന്നതും അവയുടെ പ്രാമാണികതയിൽ രചിക്കപ്പെട്ട അസംഖ്യം ഗ്രന്ഥങ്ങളിൽ അടങ്ങിയിട്ടുള്ളതുമായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് ബോധ്യപ്പെടാൻ മഹാപണ്ഡിതന്മാരല്ലാത്ത സാധാരണക്കാർക്ക് പ്രായോഗികമായി സാധ്യമാകില്ല. അതിനാൽ ഇസ്‌ലാമിക അനുഷ്ഠാനരീതികളെ പിന്തുടരുന്നതിന് അവരുടെ മുമ്പിലുള്ള ഏറ്റവും ലളിതമായ മാർഗം വിശുദ്ധ ക്വുർആനം, പിന്നെ പതിനായിരക്കണക്കിന് ഹദീഥുകളും സനദ്സഹിതം മന:പാഠമുള്ളവരും മതഗവേഷണത്തിൽ ഇജ്തിഹാദിന്റെ പദവി കൈവരിക്കാൻ മാത്രം എല്ലാ ശറഇയായ വിഷയങ്ങളെക്കുറിച്ചും അവഗാഹമുള്ളവരുമായിരുന്ന മദ്ഹബിന്റെ ഇമാമീങ്ങൾ അനുഷ്ഠിച്ചിട്ടുള്ളതും അവരുടെ വീക്ഷണങ്ങളെന്ന നിലയിൽ ക്രോഡീകരിക്കപ്പെട്ടതുമായ ഏതെങ്കിലും ഒരു വീക്ഷാഗതിയെ പിൻപറ്റുക മാത്രമാണെന്നാണ് മദ്ഹബ് വാദികൾ പറയുന്നത്. ഈ ന്യായമാണ് ഇസ്‌ലാമിക സമൂഹം മദ്ഹബിവൽക്കരിക്കപ്പെട്ടതിന്റെ പിന്നിലുള്ള ചേതോവികാരം. മദ്ഹബുകളുടെ വീക്ഷണങ്ങളെല്ലാം കുറ്റമറ്റതാണെന്നും എല്ലാം ശരിയാണെന്നും അതിനാൽ ഏതെങ്കിലും ഒന്നിനെ അംഗീകരിക്കാതെ മുസ്‌ലിന്റെ അനുഷ്ഠാനങ്ങളൊന്നും സാധുവാകില്ലെന്നുമുള്ള യുക്തിശൂന്യമായ ന്യായവാദങ്ങൾ മേൽധാരണയെ അരക്കിട്ടുറപ്പിക്കുവാൻ വേണ്ടി പടച്ചുണ്ടാക്കിയ ഒരു തത്വശാസ്ത്രമാണ്.

അതേയവസരം മതത്തിന്റെ അനുഷ്ഠാന വിഷയങ്ങളിൽ കാഴ്ചപ്പാടുകൾ മുന്നോട്ടുവെച്ച മഹാപണ്ഡിതന്മാരാരും സ്വന്തം അഭിപ്രായങ്ങളെക്കുറിച്ച് അവ അന്തിമങ്ങളാണെന്നും അതിനപ്പുറത്ത് ഒരു ശരിയുമില്ലെന്നോ പറയുകയുണ്ടായില്ല. ലഭ്യമായിടത്തോളം തെളിവുകളുടെ അടിസ്ഥാനത്തിൽ അവരെത്തിയ അഭിപ്രായങ്ങളാണവയെന്നല്ലാതെ അന്തിമങ്ങളാണെന്നുള്ള സമീപനം അവരാരും സ്വീകരിച്ചിട്ടില്ല. ഒരു അനുഷ്ഠാന രീതി സ്ഥിരീകരിക്കുന്നതിന് ഒരു പണ്ഡിതൻ മുന്നോട്ടു വെക്കുന്ന തെളിവ് ദുർബലമാണെന്ന് വരുന്നതോടെ ആ അനുഷ്ഠാനരീതി ന്യായമല്ലാതായിത്തീരുന്നു. തെളിവായിക്കൊണ്ട് വരുന്ന ഹദീഥിന്റെ ദുർബലതയെക്കുറിച്ച് തെറ്റുധരിച്ച് അതിന്റെ അടിസ്ഥാനത്തിൽ നടത്തുന്ന ഗവേഷണങ്ങളുടെ (ഇജ്തിഹാദ്) ഫലം വസ്തുനിഷ്ഠമാകില്ലെന്ന കാര്യം സംശയരഹിതമാണ്. കാരണം ദുർബലമായ അടിത്തറയിൽ സ്ഥാപിക്കപ്പെടുന്ന ഒന്നിനും സ്ഥായിയായ നിലനിൽപില്ല.

പൂർവികരായ പല മഹാപണ്ഡിതന്മാർ രചിച്ചിട്ടുള്ള വ്യഖ്യാതമായ പല രചനകളിലും ഇപ്രകാരം ദുർബലമായ ഹദീഥുകളുടെ സാന്നിധ്യം പിന്നീട് വന്ന പണ്ഡിതന്മാർ കണ്ടെത്തുകയും ഹദീഥ് നിദാനശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ അവ പഠനവിധേയമാക്കി അതിന്റെ ദുർബലതകളുടെ കാരണങ്ങൾ വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. ബോധപൂർവമല്ലാത്ത നിലയിൽ ഗവേഷണ രംഗത്ത് സംഭവിക്കുന്ന അത്തരം പിഴവുകൾ ആക്ഷേപാർഹമല്ലെങ്കിലും അത്തരം പിഴുവകളുടെ സാധ്യത തള്ളിക്കളയാനാവില്ലെന്ന വസ്തുത ഇത് ബോധ്യപ്പെടുത്തുന്നുണ്ട്. ഒരു നിശ്ചിതമായ വിഷയത്തിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് മദ്ഹബുകൾ മുന്നോട്ടുവെക്കുന്നത്. നാല് മദ്ഹബുകളുടെ നാലോ അതിലധികമോ അഭിപ്രായങ്ങൾക്ക് പുറമെ ഓരോന്നിന്റെയും ഇമാമീങ്ങളുടെ അഭിപ്രായങ്ങൾക്ക് വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും നൽകിയിട്ടുള്ള അവയുടെ പിൽക്കാല പണ്ഡിതന്മാർക്കുണ്ടായിട്ടുള്ള വേറിട്ട അഭിപ്രായങ്ങൾ വേറെയും കാണാം. ഇമാം ശാഫിഈ(റ)ക്ക് തന്നെ ചില വിഷയങ്ങളിൽ പഴയതെന്നും പുതിയതെന്നുമുള്ള രണ്ട് വീക്ഷണങ്ങൾ കാണാം. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ വ്യാഖ്യാനിച്ച ഇമാം നവവിയെപ്പോലെയുള്ള മദ്ഹബിലെ സമുന്നതരായ പണ്ഡിതന്മാർക്ക് ചില വിഷയങ്ങളിലെല്ലാം ഇമാം ശാഫിയുടേതിൽ നിന്ന് വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. ശാഫീഈ മദ്ഹബിന്റെ ഉസ്വൂലിന് വിധേയമായെന്ന നിലയിൽ ഗവേഷണം നടത്തിയ പിൻഗാമികളായ ശാഫീഈ പൺഡിതന്മാർക്ക് വേറെയും അഭിപ്രായങ്ങളുണ്ടാകും. അതിനാൽ തന്നെ ശാഫീഈ

മദ്ഹബിന്റെ അടിസ്ഥാനത്തിൽ മാത്രം ഒരു പ്രശ്നത്തിൽ അഭിപ്രായം ആരായുമ്പോൾ ലഭിക്കുന്നത് (അസ്വഹ്-അദ്ഹർ-മശ്ഹൂർ-ക്വാല-ക്വീല) എന്നിങ്ങനെയുള്ള സാങ്കേതിക പ്രയോഗങ്ങളിലൂടെ വേർതിരിക്കപ്പെട്ട വ്യത്യസ്ത അഭിപ്രായങ്ങളാണ്. ഈ പറഞ്ഞ സാങ്കേതിക പ്രയോഗങ്ങളിൽ ഏറ്റവും ഗ്രേഡ് കുറഞ്ഞ 'ക്വീല' അനുസരിച്ച് പോലും അനുഷ്ഠാനങ്ങൾ നിർവഹിക്കൽ ശാഫിഈ മദ്ഹബനുസരിച്ച് അനുവദനീയമാണ്.

'പറയപ്പെട്ട' അഭിപ്രായം എന്നാണ് 'ക്വീല' യുടെ അർഥം. അഥവാ ആരാണ് പറഞ്ഞതെന്ന് അറിയാത്ത ഇങ്ങിനെയൊരഭിപ്രായം കൂടിയുണ്ടെന്ന് സൂചിപ്പിക്കാനാണ് 'ക്വീല' ഉപയോഗിക്കപ്പെടുന്നത്. പ്രാമാണികമായി ഇസ്‌ലാമികമെന്ന് പറയാൻ യാതൊരു ന്യായീകരണവുമില്ലാത്ത സകല ദുരാചാരങ്ങളും ഇത്തരം 'ക്വീലകളുടെ' പഴുതുകളിലൂടെയാണ് ശാഫിയാക്കളുടെ അനുഷ്ഠാനരീതികളിൽ ചേക്കേറി സ്ഥിരവാസമുറപ്പിച്ചത്. ഇതിന്ന് ഏറ്റവും ലക്ഷണമൊത്ത ഉദാഹരണമാണ് 'തൽക്വീൻ' എന്ന ദുരാചാരം. മയ്യിത്ത് ക്വബറടക്കിയ ശേഷം അതിന്റെ തലഭാഗത്തിരുന്നുകൊണ്ട് മുഖ്യപുരോഹിതൻ മറമാടപ്പെട്ടവന്ന് മലക്ക് വന്ന് ചോദിക്കുമ്പോൾ പറഞ്ഞുകൊടുക്കേണ്ട ഉത്തരം ഇന്നതാണെന്ന് ചൊല്ലി പറഞ്ഞ് കൊടുക്കുന്ന സമ്പ്രദായമാണ് 'തൽക്വീൻ'.

ഒരേയൊരു മദ്ഹബിന്റെ അടിസ്ഥാനത്തിൽ മാത്രമുള്ള അനുഷ്ഠാനങ്ങളിൽ ഇത്രയേറെ വീക്ഷണഭിന്നതയും വൈവിധ്യവും ഉണ്ടെങ്കിൽ പ്രമുഖമായ നാല് മദ്ഹബുകൾക്കും കൂടി എത്രയെത്ര ഭിന്ന അഭിപ്രായങ്ങളായിരിക്കും ഉണ്ടാവുക? എല്ലാ വീക്ഷണങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നത് ശരിയാണെന്നും അവയിലൊന്നും യാതൊരു സ്ഖലിതങ്ങൾക്കും സാധ്യതയില്ലെന്നും വിശ്വസിക്കുന്നതിലെ യുക്തി മദ്ഹബിന്റെ പക്ഷപാത മന:സ്ഥിതിക്കാർക്ക് മാത്രം ദഹിക്കുന്ന ആശയംതന്നെ?! സ്ഥാപനവൽക്കരിക്കപ്പെട്ട മദ്ഹബുകൾക്ക് കാലാന്തരത്തിൽ സംഭവിച്ചിട്ടുള്ള ഈയൊരു പരിണതി ആ മദ്ഹബുകളുടെ മഹത്തുക്കളായ ഇമാമീങ്ങളുടെ സമീപനവുമായി ഒരു വിധത്തിലും പൊരുത്തപ്പെട്ട് പോകുന്നതല്ലെന്ന് സ്വന്തം അഭിപ്രായങ്ങളെക്കുറിച്ചും അത് സ്വീകരിക്കുന്നത് സംബന്ധിച്ചും അവർ നൽകിയ നിർദേശങ്ങൾ ശ്രദ്ധിക്കുന്നവർക്കും പരിശോധിക്കുന്നവർക്കും സുതരാം വ്യക്തമാകുന്നതാണ്.

സ്ഥിരപ്പെട്ട ഹദീഥുകൾക്ക് വിരുദ്ധമായാണ് മദ്ഹബിന്റെ വീക്ഷണം വരുന്നതെങ്കിൽ ഹദീഥുകൾക്ക് വിധേയമായാണ് കാര്യങ്ങൾ തീരുമാനിക്കേണ്ടതും അനുഷ്ഠിക്കേണ്ടതു മെന്നാണ് മദ്ഹബിന്റെ ഇമാമീങ്ങൾ ഏകകണ്ഠമായി പറഞ്ഞിരിക്കുന്നത്. അപ്രകാരം ചെയ്യുന്നത് മദ്ഹബിന് വുരുദ്ധമാകില്ലെന്നുമാത്രമല്ല മദ്ഹബിന്റെ വൃത്തത്തിൽ നിന്ന് പുറംതള്ളപ്പെടാൻ കാരണമാകയുമില്ല. 'ഹദീഥ് സ്വഹീഹായി വന്നാൽ അത് തന്നെയാണ് എന്റെ മദ്ഹബ്' എന്ന് ഇമാം അബൂഹനീഫയും മറ്റ് ഇമാമീങ്ങളും പറഞ്ഞതായും 'നാം എവിടെ നിന്നെടുത്തു എന്നറിയാതെ എന്റെ അഭിപ്രായത്തെ ആർക്കും സ്വീകരിക്കാൻ അനുവദനീയമാകില്ലെന്ന്' അദ്ദേഹം പറഞ്ഞതായും ഇമാം ഇബ്നു അബ്ദിൽ ബർറ ഉദ്ധരിക്കുന്നു. (അൽഇൻതിവാഉ ഫീസലാസത്തിൽ അഇമ്മത്തിൽ അർബഅ) (പേജ്:145)

ഇമാം അബൂഹനീഫ തന്റെ അധിക അഭിപ്രായങ്ങളും രേഖപ്പെടുത്തിയത് 'ക്വിയാസ്' അഥവാ സൗഢർമ്മ്യത്തിന്റെ അടിസ്ഥനത്തിലായിരുന്നു. കൂടുതൽ ശക്തമായ ക്വിയാസുകളോ സ്വഹീഹായ ഹദീഥുകളോ ലഭ്യമായതനുസരിച്ച് തന്റെ മുൻ അഭിപ്രായം കയ്യൊഴിയുകയായിരുന്നു അദ്ദേഹത്തിന്റെ രീതി. തന്റെ പ്രിയപ്പെട്ട ശിഷ്യനായ ക്വാളി അബൂയൂസുഫിനോട് അദ്ദേഹം ഇപ്രകാരം ഉണർത്തിച്ചു. 'എന്നിൽ നിന്ന് കേൾക്കുന്നവയെല്ലാം നീ എഴുതിവെക്കരുത്. കാരണം എന്റെ ഇന്നത്തെ അഭിപ്രായം നാളെ ഞാൻ ഒഴിവാക്കിയേക്കും. നാളത്തെ അഭിപ്രായം അടുത്ത ദിവസവും' (ശഅ്റാനിയുടെ-അൽമീസാൻ 1/62)

ഇമാം മാലിക് നിർദ്ദേശിച്ചത് ഇപ്രകാരമായിരുന്നു. 'ഞാനൊരു മനുഷ്യനാണ്, എനിക്ക് തെറ്റും ശരിയും സംഭവിക്കും. എന്റെ അഭിപ്രായങ്ങളെ നിങ്ങൾ പരിശോധിക്കുക. ക്വുർആനിനോടും

ഹദീഥിനോടും യോജിക്കുന്നവയെ നിങ്ങൾ സ്വീകരിക്കുക. യോജിക്കാത്തവയെ ഉപേക്ഷിക്കുക' (ഇബ്നുഹസം ഉസൂലുൽ അഹ്കാം 2/149)

ഇമാം ശാഫിഈ(റ)യാകട്ടെ ഈ ആശയം കൂടുതൽ വ്യക്തമായും സുന്ദരമായും പറഞ്ഞിരിക്കുന്നു. 'ഒരാൾക്ക് നബി(സ്വ)യുടെ ഒരു ചര്യ വ്യക്തമായും ബോധ്യപ്പെട്ട ശേഷം മറ്റൊരാളുടെ വാക്കിന്റെ അടിസ്താനത്തിൽ അത് ഒഴിവാക്കൽ അനുവദനീയമാകില്ലെന്ന കാര്യത്തിൽ മുസ്‌ലിംകൾ ഏകാഭിപ്രായകാരാണ്' (അൽഇഅ്‌ലാം-ഇബ്നുൽക്വയ്യിം 2/361)

വീണ്ടും അദ്ദേഹത്തിന്റെ അഭിപ്രായം 'എന്റെ കിതാബിൽ നബി(സ്വ)യുടെ സുന്നത്തിന് വിരുദ്ധമായി നിങ്ങൾ വല്ലതും കണ്ടാൽ താൻ പറഞ്ഞത് വിട്ട് നബി(സ്വ)യുടെ സുന്നത്തിനനുസരിച്ചാണ് നിങ്ങൾ പറയേണ്ടത്' (ഇമാം നവവി അൽമുജ്മഅ് 1/63)

ഇമാം ശാഫിഈ(റ) അഹ്മദ്ബ്നു ഹമ്പലിനോട് പറഞ്ഞു. ''ഹദീഥിനെക്കുറിച്ചും അതിന്റെ രിജാലിനെക്കുറിച്ചും (പരമ്പരയിലെ ആളുകൾ) എന്നെക്കാൾ കൂടുതൽ അറിയുന്നത് നിങ്ങൾക്കാണ്. അതിനാൽ സ്വഹീഹായ ഹദീഥുകൾ എന്നെയും അറിയിക്കുക. അത് കൂഫിയോ-ശാമിയോ-ബസ്വരിയോ- ഏതുമായിക്കൊള്ളട്ടെ സ്വഹീഹാണെങ്കിൽ എനിക്ക് അതിലേക്ക് പോകാനാണ്' (ഇബ്നു അബ്ദിൽബർറ്-അൽ ഇൻതികാഅ്. പേജ്:75)

നാല് ഇമാമീങ്ങളിൽ ഹദീഥിന്റെ കാര്യത്തിൽ കൂടുതൽ അവഗാഹമുണ്ടായിരുന്ന അഹ്മദ്ബ്നു ഹമ്പൽ അന്ധമായ അനുകരണത്തെ ശക്തമായി എതിർത്തുകൊണ്ട് പറഞ്ഞു. 'എന്നെയോ മാലികിനെയോ, ശാഫിഈയേയോ, ഔസാഇയേയോ ഥൗറിയേയോ (റ) അന്ധമായി പിൻപറ്റരുത്. അവർ എവിടെ നിന്ന് (മതം) സ്വീകരിച്ചുവോ അവിടെ നിന്ന് തന്നെ സ്വീകരിക്കുക' (ഇബ്നുൽക്വയ്യിം-അൽഇഅ്‌ലാം 2/302)

മേൽ ഉദ്ധരണിയിലൂടെ വ്യക്തമാകുന്നത് സത്യവിശ്വാസികൾ പിൻതുടരേണ്ട ഉദാത്തമാർഗം പിൻപറ്റിയവരായിരുന്ന ആ മഹത്തുക്കളെന്നാണ്. എന്നാൽ അവരുടെ അഭിപ്രായങ്ങളെ കേന്ദ്രീകരിച്ചുണ്ടായ സരണികളുടെ പിൻതുടർച്ചയിൽ സംഭവിച്ചിട്ടുള്ള അപജയങ്ങൾക്കും അസംബന്ധങ്ങൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തലും കൈവിടലുമാണ് വസ്തുതകളുടെ പുന:സ്ഥാപനത്തിന്റെ യഥാർഥ വഴി.

**ബശീർ എസ്. പൂളപ്പൊയിൽ**